II. ശ്രദ്ധക്ഷണിക്കൽ

(1) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത സ്ഥിതി വിശേഷമുണ്ടെങ്കിലും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒഴിവുകൾ റിപ്പോർട്ട് 9.30 A.M.] ചെയ്യാത്ത പ്രശ്നം വളരെ ഗുരുതരമായ സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണെന്ന് സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ പെടുത്തുകയാണ്. കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ കാസർഗോഡ് ജില്ലയിൽ മാത്രം ഏതാണ്ട് രണ്ടായിരത്തോളം ഒഴിവുകൾ നിലനിൽക്കുകയാണ്. ഈ ഒഴിവുകളിൽ ബഹുഭൂരിപക്ഷവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. കണ്ണൂർ ജില്ലയിലാണെങ്കിൽ ഏതാണ്ട് 3500-ഓളം ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളെ സംബന്ധിച്ച യഥാർത്ഥ ചിത്രം പല വകുപ്പ് മേധാവികളും ബോധപൂർവ്വം മറച്ചുവയ്ക്കുകയാണ്. ഈ നിയമസഭയിൽത്തന്നെ രേഖാമൂലം ചോദ്യം നൽകിയപ്പോൾ വിദ്യാഭ്യാസ വകുപ്പ് മാത്രമാണ് കൃത്യമായ മറുപടി നൽകിയത്. ഒരു കൊച്ചു ജില്ലയായ കാസർഗോഡ് ജില്ലയിൽ മാത്രം വിദ്യാഭ്യാസ വകുപ്പിൽ 464 ഒഴിവുകൾ ഉണ്ടെന്നാണ് 27-6-2001-ലെ നിയമസഭാ ചോദ്യത്തിനുള്ള മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചത്. ഈ 464 ഒഴിവുകൾക്ക് ഏതാണ്ട് 13 പി.എസ്.സി. ലിസ്റ്റുകൾ നിലവിലുണ്ട്. ഇതിൽ പലതിന്റെയും കാലാവധി അടുത്ത മാസം ആദ്യത്തോടെ അവസാനിക്കുകയാണ്. ബാക്കിയുള്ള ഒഴിവുകൾ കൃത്യമായി അറിയിക്കാൻപോലും വകുപ്പ് മേധാവികൾ തയ്യാറാകുന്നില്ല. നിയമസഭാ ചോദ്യങ്ങൾക്ക് ഒരു ടെലിഫോൺ സന്ദേശത്തിലൂടെ മറുപടി ലഭ്യമാക്കാവുന്നതാണെങ്കിലും ഉദ്യോഗസ്ഥ മേധാവികൾ നൽകുന്നത് വിവരം ശേഖരിച്ചു വരുന്നു എന്ന സ്ഥിരം മറുപടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ സജീവമായി ഇടപെടണമെന്നും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെ സംബന്ധിച്ചുള്ള കൃത്യമായ വിവരം നൽകാനും ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. കണ്ണൂർ, കാസർഗോഡ്, വയനാട് അടങ്ങുന്ന കെ.എ.പി. നാലാം ബറ്റാലിയനിൽ 500 ഒഴിവുകളുണ്ട്. നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നൂറ് പേരെ മാത്രമാണ് നിയമിച്ചത്. അതും മുൻ ലിസ്റ്റിൽനിന്ന് നിയമനം സ്വീകരിച്ചവർക്ക് മാത്രം. പോലീസിലെ നിയമനത്തിലുള്ള ഉയർന്ന പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തിയ സ്ഥിതിക്ക് ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുടെ അവസാനത്തെ അവസരമാണ്. ഞാൻ ഓരോന്നും പ്രത്യേകം പ്രത്യേകമായി പറയുന്നില്ല. വിവിധ വകുപ്പുകളിലായി നിരവധി ഒഴിവുകളുണ്ട്. അതിലെല്ലാം താൽക്കാലിക നിയമനം നടത്തുകയാണ്. ആ താൽക്കാലിക നിയമനം നടത്തുന്നത് ജില്ലകളിലെ ഉദ്യോഗസ്ഥ മേധാവികളുടെ സ്ഥാപിത താൽപ്പര്യത്തിനും അഴിമതിക്കും വക നൽകുന്നതാണ്. രണ്ട് മാസത്തെ ശമ്പളം അഡ്വാൻസായി കൈക്കൂലി വാങ്ങിയാണ് ഈ നിയമനങ്ങളെല്ലാം നടത്തുന്നത്. ഇത് യോഗത്തിൽ പറഞ്ഞാലും ഡി.ഡി.സി.-യിൽ പറഞ്ഞാലും എവിടെ ഉന്നയിച്ചാലും ഫലമില്ല. വർഷങ്ങളായി പ്രത്യേകിച്ച് രണ്ട് ജില്ലകളിലും സംസ്ഥാനത്ത് പൊതുവെ ഉണ്ടെങ്കിലും വടക്ക് സ്ഥിതി ചെയ്യുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ എത്രയോ വർഷങ്ങളായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly.

വിശേഷമാണുള്ളത്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. അതുപോലെ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം നൽകുമെന്ന് ഈ സഭയിൽത്തന്നെ നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞതാണ്. പക്ഷേ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം നൽകാനുള്ള സർക്കാർ തീരുമാനം വകുപ്പ് മേധാവികൾ പരസ്യമായി ലംഘിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിവിധ വകുപ്പുകളിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. വർഷങ്ങളോളം കാത്തിരുന്നതിനു ശേഷം പി.എസ്.സി.-യിൽ സെലക്ഷൻ ലഭിച്ച ചെറുപ്പക്കാർക്ക് നിയമനങ്ങൾ നീണ്ടു പോകുമ്പോൾ ഉണ്ടാകുന്ന ആശങ്ക എല്ലാവർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. അത് പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരെ കണ്ടെത്തി പുനർവിന്യസിപ്പിക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലം വകുപ്പ് മേധാവികൾ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നേരിയ കാലതാമസം നേരിടുന്നുണ്ടെന്ന് സർക്കാർ മനസ്സിലാക്കുന്നു. റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് 5-6-2003-ന് കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസം കൂടി നീട്ടാൻ പി.എസ്.സി.-യോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടുകൂടി പുനർവിന്യാസ നടപടികൾ വേഗത്തിലാക്കാനും നടപടികളെടുക്കുന്നുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്നത് സംബന്ധിച്ച് കൃത്യമായ ഒരു വിവരം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമല്ല കേരളത്തിൽ ഒട്ടാകെയുള്ള ഇപ്പോഴത്തെ ഒഴിവുകൾ പരമാവധി വേഗത്തിൽ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം. പുനർവിന്യാസം ഇനിയും അനന്തമായി നീട്ടിക്കൊണ്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇപ്പോൾ നീട്ടിയ 6 മാസത്തെ സമയപരിധിക്കുള്ളിൽത്തന്നെ നടപടികളെല്ലാം പൂർത്തിയാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(2) സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനം

ശ്രീമതി മേഴ്സി രവി: സർ, ഇന്ന് കേരളത്തിലെ ഗ്രാമങ്ങൾപോലും വളർന്ന് എക്സ്റ്റന്റഡ് ടൗൺഷിപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. നഗരവൽക്കരണത്തിന്റെ ഏറ്റവും വലിയ ശാപമെന്നു പറയുന്നത് ഇവിടത്തെ മാലിന്യങ്ങൾ തന്നെയാണ്. ഇന്ന് ഗ്രാമപ്രദേശങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. അസംബ്ലിയിൽ പല പ്രാവശ്യം മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പലതരം രോഗങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു കഴിഞ്ഞു, നടന്നുകൊണ്ടിരിക്കുകയുമാണ്. ഇനിയും ഡെങ്കിപ്പനി പോലെയുള്ള രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ഇതിന്റെ മൂലകാരണം കുന്നുകൂടി കിടക്കുന്ന ചവർ കൂമ്പാരങ്ങളും മാലിന്യങ്ങളും തന്നെയാണ്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ വേസ്റ്റ്സ് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനവും നമുക്കില്ല. ഏറ്റവും കൂടുതൽ ജലാശയങ്ങളുള്ള കേരളത്തിലെ ജലസ്രോതസ്സുകൾ എല്ലാം മൈക്രോ ഓർഗാനിസംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഖരമാലിന്യങ്ങൾ മാത്രമല്ല വേസ്റ്റായി കാണേണ്ടത്. വാട്ടർ പൊല്യൂഷൻ കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly